പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1066. 13.6.2013 ൽ മറുപടിക്ക്

## കോളേജുകൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ.<br>ശ്രീ. പി. സി. ജോർജ്.<br>ഡോ. എൻ. ജയരാജ്.<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ. | | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ; | എ) | സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകളിൽ നിന്നും തിരഞ്ഞെടുത്ത ഏതാനും കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ സർക്കാർ കോളേജുകളെയും എയ്ഡഡ് കോളേജുകളെയുമാണ് സ്വയംഭരണാവകാശം നൽകുന്നതിനായി പരിഗണിക്കുന്നത്. |
| ബി) | ഇപ്രകാരം സ്വയംഭരണം നൽകുന്നതു മൂലം എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | ബി) | പതിനൊന്നാം പഞ്ചവത്സര പദ്ധതി പ്രകാരം യുജിസി നടപ്പിലാക്കിയ സ്വയംഭരണ കോളേജുകൾക്ക് നൽകുന്ന പ്രത്യേക ധനസഹായ പദ്ധതി പരിപൂർണ്ണമായും ഉപയോഗപ്പെടുത്തി കോളേജുകളുടെ പ്രവർത്തനം വിപുലപ്പെടുത്താനും അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻവിദ്യാഭ്യാസ മേഖലയെ സജ്ജമാക്കാനും സ്വയംഭരണം നൽകുന്നതിലൂടെ കഴിയുന്നതാണ്. ഓരോ കോളേജിനും അവരുടെ മികച്ച അക്കാദമിക ശേഷി പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകുകയാണ് സ്വയംഭരണാവകാശം നൽകുന്നതിലൂടെ സാധ്യമാകുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മികവു പുലർത്തുന്ന ആർട്സ് & സയൻസ്, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയെ യുജിസി യിൽ നിന്ന് അക്കാഡമിക് സ്വയംഭരണാവകാശം നേടുന്നതിന് പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകരുടെ |

അക്കാദമിക് സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക. വിദ്യാർത്ഥികളെ വസ്തുനിഷ്ഠമായും കാര്യക്ഷമമായും വിലയിരുത്താൻ അവസരം ഉണ്ടാക്കുക എന്നിവയും സ്വയംഭരണാവകാശം നൽകുന്നതിലൂടെ ലക്ഷ്യമിടുന്നുണ്ട്.

സി) കോളേജുകൾക്ക് സ്വയംഭരണാ വക ാശം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ 'എന്തെല്ലാമാണെന്നറിയിക്കുമോ ?

സി) സ്വയംഭരണാവകാശം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ച് വരുന്ന കോളേജായിരിക്കണം.
2. NAAC ന്റെ എ ഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.
3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.
4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.
5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.
6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതിവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.
7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.
8. ദുർബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന

പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.

9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.

10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ, തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ,ഇതരജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.

11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യൂജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ